**കേരള സർക്കാർ**

നം.എസി2/107/2015/തസ്വഭവ

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 27.04.2022

## സർക്കുലർ

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ്- നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി -2007 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് - ഓഡിറ്റ് ഖണ്ഡിക 4.6 ൽ നിയമസഭാ സമിതി ആവശ്യപ്പെട്ട അധികവിവരം-പൊതുനിർദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 2007 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

2007 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സി&എജി റിപ്പോർട്ടിൽ കോട്ടയം ജില്ലാ പഞ്ചായത്തിനെക്കുറിച്ച് പറയുന്ന ഭാഗത്ത് താഴെപ്പറയുന്ന ചില നിരീക്ഷണങ്ങൾ ഉൾപ്പെട്ടുകയുണ്ടായി.

കുമരകം ഗ്രാമ പഞ്ചായത്തിൽ 64.45 ലക്ഷം രൂപ ചെലവഴിച്ച് കണ്ണാടിച്ചാലിന് കുറുകെ നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ തലവനായിട്ടുള്ള ജില്ലാ സാങ്കേതിക സമിതി വിശദമായ മണ്ണ് പരിശോധന നടത്താതെ പ്രവൃത്തി നടത്തിയതിനാൽ റോഡ് താഴ്ന്നുപോകുകയും തുടർന്ന് വിശദമായ മണ്ണ് പരിശോധന നടത്തുവാൻ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. ശിപാർശ കുറ്റമറ്റതല്ലാതിരുന്നതിനാൽ പാലവും റോഡും ഉപയോഗശൂന്യമാകുകയും 64.45 ലക്ഷം രൂപ നഷ്ടം വരികയും

ചെയ്തതിൽ സി&എജി തികഞ്ഞ അതൃപ്തി രേഖപ്പെടുത്തുകയും തുടർനടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയുമുണ്ടായി.

സി&എജി യുടെ പ്രസ്തുത കണ്ടെത്തൽ സർക്കാർ വിശദമായി പരിശോധിച്ചു. 2001 - 02 വർഷത്തിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പ് പരിശോധിച്ചതിൽ ഇത്തരം പദ്ധതികളിൽ അവശ്യം ഉണ്ടാവേണ്ട പ്രാഥമികമായ സുരക്ഷാമാനദണ്ഡങ്ങൾ പോലും ലംഘിക്കപ്പെട്ടുവെന്ന് സർക്കാർ മനസ്സിലാക്കുന്നു. പരാമർശ പ്രവൃത്തി അതിന്റെ പ്രകടമായ ഉദാഹരണമാണ്. പരാമർശ പ്രോജക്ടിനായി മണ്ണ് പരിശോധനപോലും നടത്താതെയാണ് ജില്ലാ പഞ്ചായത്ത് പദ്ധതി നടപ്പാക്കിയെന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അങ്ങേയറ്റത്തെ ഗുരുതരമായ വീഴ്ചയും അലംഭാവവും വ്യക്തമാക്കുന്നതാണ്. അതിസൂക്ഷ്മമായ സാങ്കേതിക പരിശോധന ആവശ്യമായ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സാങ്കേതിക വൈദഗ്ദ്യത്തിനായും സുരക്ഷ പരിശോധനയ്ക്കായും നിയോഗിക്കപ്പെടുന്ന സ്ഥാപനങ്ങൾ/ ഏജൻസികളുടേയും ജാഗ്രതക്കുറവ് ഇതിന് നിമിത്തമാവുകയും ഇതുവഴിയുണ്ടാകുന്ന ഗുണനിലവാരക്കുറവ് സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നതു കൂടാതെ സുരക്ഷാ വീഴ്ച്ചയ്ക്കും കാരണമാകുമെന്നതുകൊണ്ട് തന്നെ ഇതിന്റെ ഗൗരവം പ്രത്യേകം പറയേണ്ടതായിട്ടില്ല. പരാമർശ പ്രോജക്ടിന്റെ കാര്യത്തിൽ മേൽ വീഴ്ചകൾ കൂടാതെ എക്സിക്യൂട്ടീവ് എൻജിനീയർ തലവനായിട്ടുള്ള ജില്ലാതല സാങ്കേതിക സമിതിയുടെ ഭാഗത്തും ഗുരുതരമായ വീഴ്ചയുണ്ടായതായി വ്യക്തമാവുന്നുണ്ട്.

മേൽ വിഷയങ്ങൾ സി&എജി ചൂണ്ടിക്കാട്ടിയ പരാമർശ കേസിന്റെ പശ്ചാത്തലത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. സി&എജി ചൂണ്ടിക്കാട്ടിയിട്ടുള്ള സാങ്കേതിക വൈദഗ്ദ്യവും സുരക്ഷാമാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ട പ്രോജക്ടുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അപാകതകൾ പോലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് സർക്കാർ ഇതിനാൽ വ്യക്തമാക്കുന്നു. പ്രോജക്ടുകളുടെ രൂപീകരണത്തിനും മേൽനോട്ടത്തിനും നടത്തിപ്പിനും ഉത്തരവാദികളായ എല്ലാ ഉദ്യോഗസ്ഥരും ഇതുമായി ബന്ധപ്പെട്ട വീഴ്ചകൾക്ക് ഉത്തരവാദികളായിരിക്കും.

ഇത്തരത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കെതിരെയും ഇതുമായി ബന്ധപ്പെട്ട വീഴ്ചകളുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു. ഒപ്പം സാങ്കേതിക വൈദഗ്ദ്യവും സുരക്ഷാമാനദണ്ഡങ്ങളും ഉറപ്പാക്കേണ്ടതിനാൽ സാങ്കേതിക സമിതികളും

ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഒപ്പം ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതിക സഹായം/ഉപദേശം ലഭ്യമാക്കാനായി നിയോഗിക്കപ്പെടുന്ന എൻജിനീയറിംഗ് കോളേജുകൾ പോലുള്ള ഏജൻസികളും സ്ഥാപനങ്ങളും മേൽവിവരിച്ച വിഷയങ്ങളുടെ പശ്ചാത്തലത്തിൽ കണിശമായ പരിശോധനയും ജാഗ്രതയും സൂക്ഷ്മതയും പുലർത്തണമെന്നും ഓരോ പ്രവൃത്തികളുടേയും ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത മേൽനോട്ട സംവിധാനം ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു.

**എം.എസ്.ബിജുകുട്ടൻ**
അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ(ic)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ, തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ്
സെക്രട്ടറി, 14 ജില്ലാ പഞ്ചായത്തുകൾ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**